പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: *634 — 30.07.2015-ൽ മറുപടിക്ക്

## ഭവന നിർമ്മാണ ബോർഡിന്റെ കടബാദ്ധ്യത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>,, വി.ഡി. സതീശൻ<br>,, വർക്കല കഹാർ | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ ഭവന നിർമ്മാണ ബോർഡിനെ ഋണവിമുക്തമാക്കിയിട്ടുണ്ടോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹഡ്കോയ്ക്ക് അടയ്ക്കുവാനുള്ള കടബാദ്ധ്യതയിൽ 802.41 കോടി രൂപ നൽകി ഭവന നിർമ്മാണ ബോർഡിനെ ഋണവിമുക്തമാക്കിയിട്ടുണ്ട്. |
| (ബി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം; വിവരിക്കുമോ; | (ബി) വിശദാംശം അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (സി) ഇത് മൂലം ഭവന നിർമ്മാണ രംഗത്തിന് എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചത്? | (സി) വിശദാംശം അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-I

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഹഡ്കോയ്ക്ക് മുതലിനത്തിൽ 730.67 കോടി രൂപയും അതിന്റെ പലിശയുമാണ് ബാദ്ധ്യതയായി ഉണ്ടായിരുന്നത്. ബോർഡ് ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികളിൽ 95%-വും ദുർബ്ബല വരുമാന വിഭാഗക്കാർക്ക് വേണ്ടി നടപ്പിലാക്കിയിട്ടുള്ളതാണ്. ബോർഡിന് തനതു മൂലധനം ഇല്ലാത്തതിനാൽ പ്രധാനമായും ഹഡ്കോയിൽ നിന്ന് വായ്പ സമാഹരിച്ചാണ് സർക്കാർ നിർദ്ദേശിക്കുന്ന ദുർബ്ബല വരുമാന വിഭാഗക്കാർക്ക് വേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കുന്നത്. സാമൂഹിക പ്രതിബദ്ധതയോടെ സർക്കാർ നിർദ്ദേശിക്കുന്ന പദ്ധതികൾ നടപ്പിലാക്കിയതുവഴി ഗുണഭോക്താക്കളിൽ നിന്നുള്ള തിരിച്ചടവിന് വീഴ്ച വന്നതു കൊണ്ടാണ് ഹഡ്കോയുടെ തിരിച്ചടവിൽ മുടക്കം വന്നത്. സർക്കാർ ഗ്യാരണ്ടിയിൻമേലാണ് പദ്ധതികൾക്ക് ഹഡ്കോ വായ്പ അനുവദിക്കുന്നത്. തിരച്ചടവ് മുടക്കം വന്നാൽ അനന്തര നടപടികൾ കൈക്കൊള്ളാൻ ഹഡ്കോ നിർബന്ധിതമാകുമെന്ന സാഹചര്യത്തിലാണ് ഹഡ്കോ തിരച്ചടവ് കൃത്യത പാലിക്കുന്നതിനായി സർക്കാരിന് ഇടപെടേണ്ടി വന്നത്. ഇപ്രകാരം മുതലിനത്തിലുള്ള 730.67 കോടി രൂപയുടെ തിരിച്ചടവ് പുനഃക്രമീകരിച്ച് 239.56 കോടി രൂപ 2011 ഡിസംബറിൽ അടയ്ക്കുവാനും ശേഷിച്ച 491.11 കോടി രൂപ 01/04/2012 മുതൽ 2 വർഷ കാലയളവിൽ 8 ത്രൈമാസ തവണകളായി 61.388 കോടി രൂപ വീതം അടയ്ക്കുവാനും ധാരണയുണ്ടായി. ഇതനുസരിച്ച് ഹഡ്കോ തിരിച്ചടവിനത്തിൽ 802.412 കോടി രൂപ സർക്കാർ ഹഡ്കോയ്ക്ക് നൽകിയിട്ടുണ്ട്. ഇതു കൂടാതെ 27.4397 കോടി രൂപ ബോർഡ് അടച്ചിട്ടുണ്ട്. 31.03.2014 ൽ ഹഡ്കോ ബാദ്ധ്യത പൂർണ്ണമായും സർക്കാർ അടച്ചു തീർത്തിട്ടുള്ളതാണ്.

ഈ തുകകളെല്ലാം വർക്കിംഗ് ക്യാപിറ്റൽ ലോൺ ഇനത്തിലാണ് ബോർഡിന് നൽകിയിട്ടുള്ളത്.

## അനുബന്ധം II

തിരിച്ചടവ് കാലാവധി നീട്ടി കിട്ടുന്നതിന് ഹഡ്കോയ്ക്ക് നൽകേണ്ടിയിരുന്ന ഫീസിനത്തിനുള്ള 2.50 കോടി രൂപയും അതുവരെയുണ്ടായിരുന്ന പിഴപലിശയിനത്തിലുള്ള 24.56 ലക്ഷം രൂപയും കൂട്ടുപലിശയിനത്തിലുള്ള 64.35 ലക്ഷം രൂപയും ഉൾപ്പെടെ 88.91 ലക്ഷം രൂപയുടെ നേട്ടം സർക്കാരിനുണ്ടായി.

ഹഡ്കോ തിരിച്ചടവ് മുടങ്ങുന്ന പക്ഷം പലിശയ്ക്കു പുറമെ പിഴ പലിശയും മുടക്ക പലിശയും ഇനങ്ങളിൽ ദിവസം 1.50 ലക്ഷം രൂപാ വീതം നൽകേണ്ടി വരുമായിരുന്ന സാഹചര്യം ഒഴിവായി. കൂടാതെ സമയബന്ധിതമായി ഹഡ്കോ തിരിച്ചടവ് നടക്കാത്ത പക്ഷം സർക്കാർ ഗ്യാരണ്ടിക്കെതിരെ നിയമനടപടികൾ ഉൾപ്പെടെയുള്ള നടപടികൾ ഹഡ്കോ ഒഴിവാക്കി. ഹഡ്കോയുടെ സാമ്പത്തിക ഘടനയനുസരിച്ച് അന്ന് നിലനിന്നിരുന്ന കുറഞ്ഞ പലിശയേക്കാൾ ഇളവു നൽകി 8% പലിശയാക്കി കുറവ് വരുത്തിയാണ് ബോർഡ് ഹഡ്കോയ്ക്ക് നൽകേണ്ട 730.67 കോടി രൂപയ്ക്ക് പലിശ നിജപ്പെടുത്തിയത്. ഇക്കാരണത്താൽ ബോർഡിന് സാമ്പത്തിക നേട്ടം ഉണ്ടാക്കാൻ കഴിഞ്ഞു. ദുർബല/താഴ്ന്ന വരുമാനക്കാർക്കായി സൗഭാഗ്യ ഭവന നിർമ്മാണ പദ്ധതി, സാഫല്യം പദ്ധതി എന്നീ പുതിയ പദ്ധതികൾ ഹഡ്കോയുടെ പങ്കാളിത്തത്തോടെ ഏറ്റെടുത്ത് നടപ്പിലാക്കാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മറ്റ് ധനകാര്യ സ്ഥാപനങ്ങൾ, നാഷണലൈസ്ഡ് ബാങ്കുകൾ എന്നിവയുമായുള്ള പുതിയ സംരംഭങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്.